emc KERALA

# എനർജി മാനേജ്മെന്റ് സെന്റർ

(ഊർജ്ജ സംരക്ഷണ നിയമം നടപ്പിലാക്കുന്ന സ്റ്റേറ്റ് ഡസിഗ്നേറ്റഡ് ഏജൻസി)
ഊർജ്ജ വകുപ്പ്, കേരള സർക്കാർ
ശ്രീകൃഷ്ണ നഗർ, ശ്രീകാര്യം, തിരുവനന്തപുരം. പിൻ 695017
ഫോൺ: 0471 2594922, 2594924 ഫാക്സ്: 0471 2594923
ഇ. മെയിൽ : emck@keralaenergy.gov.in
വെബ്സൈറ്റ് : www.keralaenergy.gov.in

No. EMC/EED/17/E-7762 10.08.2017

31 AUG 2017

ഡയറക്ടർ
ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഡിപ്പാർട്ട്മെന്റ്
തൈക്കാട് പി.ഒ
തിരുവനന്തപുരം - 14

സർ,

വിഷയം: വിവിധ സർക്കാർ ഓഫീസുകളിൽ ഊർജ്ജ സംരക്ഷണത്തിന് സ്വീകരിക്കേണ്ട നടപടികൾ - സംബന്ധിച്ച് -

സൂചന:
1. ഊർജ്ജ വകുപ്പിന്റെ 05.06.2017 ലെ നമ്പർ 70/സി3/17/ഊ.വ. സർക്കുലർ.
2. സംസ്ഥാന സർക്കാരിന്റെ G.O.(P) No. 21/2015/PD dt 11.06.2015 ലെ ഉത്തരവ്.
3. 01.09.2015 ലെ EMC/EED/EC-Std/2771/15 നമ്പർ കത്ത്.

സൂചന (1) പ്രകാരം വൈദ്യുതി പാഴാക്കുന്നത് ഒഴിവാക്കുന്നതിലേക്കായി സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള വിവിധ സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഫാനും ലൈറ്റും മറ്റു വൈദ്യുതി ഉപകരണങ്ങളും ആവശ്യം കഴിഞ്ഞാൽ ഓഫ് ചെയ്യണമെന്ന് ഊർജ്ജവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി എല്ലാ സർക്കാർ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. (കത്തിന്റെ പകർപ്പ് ഇതോടൊപ്പം അയയ്ക്കുന്നു.).

2001-ലെ ഊർജ്ജസംരക്ഷണ നിയമം നടപ്പിലാക്കാൻ വേണ്ടി G.O.(P) No. 37/03/PD dt. 18.12.2003 പ്രകാരം നിയുക്തമായി സർക്കാർ സ്ഥാപനമാണ് എനർജി മാനേജ്മെന്റ് സെന്റർ. എല്ലാ മേഖലയിലും കാര്യക്ഷമമായി ഊർജ്ജ ഉപയോഗവും ഊർജ്ജ സംരക്ഷണവും ലക്ഷ്യമിട്ടുകൊണ്ടാണ് സൂചന (2) പ്രകാരമുള്ള ഉത്തരവ് സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളത്. ഊർജ്ജസംരക്ഷണ നിയമത്തിന്റെ സെക്ഷൻ 18 പ്രകാരം ഇതിനുള്ള അധികാരം സംസ്ഥാന സർക്കാരിനാണ്. അതിനാൽ ഈ ഉത്തരവ് പാലിക്കാൻ വേണ്ടിയുള്ള നിർദ്ദേശങ്ങൾ താങ്കളുടെ വകുപ്പിന് കീഴിലുള്ള എല്ലാ ഓഫീസുകൾക്കും നൽകണമെന്ന് അപേക്ഷിക്കുന്നു. കൂടാതെ ഇതിനെ സംബന്ധിച്ചുള്ള പ്രതികരണങ്ങളും അഭിപ്രായങ്ങളും അറിയിക്കണമെന്നും അപേക്ഷിക്കുന്നു.

എന്ന്
വിശ്വസ്തതയോടെ

ഡയറക്ടർ

ഉള്ളടക്കം: സർക്കുലർ

കേരള സർക്കാർ

23 JUN 2017
E-7762

നം. 70/സി3/17/ഊ.വ

ഊർജ്ജ (സി) വകുപ്പ്
തിരുവനന്തപുരം,
തീയതി 05/06/2017

## സർക്കുലർ

വിഷയം- ഊർജ്ജ വകുപ്പ് - വിവിധ സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ വൈദ്യുതി പാഴാക്കുന്നത് - ഒഴിവാക്കുന്നത്- സംബന്ധിച്ച്

വൈദ്യുതി പാഴാക്കുന്നത് ഒഴിവാക്കുന്നതിലേയ്ക്കായി സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള വിവിധ സർക്കാർ വകുപ്പുകൾ പൊതുമേഖലാ സ്ഥാപനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഫാനും ലൈറ്റും മറ്റു വൈദ്യുതി ഉപകരണങ്ങളും ആവശ്യം കഴിഞ്ഞാൽ ഓഫ് ചെയ്യണമെന്ന് ഇതിനാൽ കർശനമായി നിർദ്ദേശിക്കുന്നു.

**PAUL ANTONY, ACS POWER, O/O ACS POWER**

എല്ലാ വകുപ്പ് മേധാവികൾക്കും (EMC)
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും
ഗവർണറുടെ സെക്രട്ടറി, രാജ് ഭവൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം ( ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ( ആമുഖ കത്ത്

**എൻഡോഴ്സ്മെന്റ് A5/26684/2017 തീയതി : 3.10.2017**

സർക്കാർ സ്ഥാപനങ്ങളിൽ വൈദ്യുതി പാഴാക്കുന്നത് ഒഴിവാക്കുന്നതിനായി സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച നിർദ്ദേശങ്ങൾ അടങ്ങിയ സർക്കാർ കത്ത് ,ചുറ്ററിയിപ്പ് എന്നിവ എല്ലാ സ്ഥാപന മേധാവികളുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും അറിവിലേക്കും തുടർ നടപടികൾക്കുമായി ഇതോടൊപ്പം ഉൾക്കൊള്ളിക്കുന്നു

ട്രെയിനിങ് ഡയറക്ടർക്ക് വേണ്ടി